**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2755** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോൾ നിലത്തെ ഇരുപ്പൂ കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ ഇരുപ്പൂ കൃഷി ഇറക്കിയ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ ഇരുപ്പൂ കൃഷി ഇറക്കിയ സംഘം കോൾ നോർത്ത് പടവ്, നായ്ക്കൻ കോൾ കാളിപ്പാടം പടവ്, വടക്കേ പോന്നോർത്താഴം പടവ്, കാഞ്ഞാണിത്താഴം മാരുതി കോൾപടവ് പാടശേഖര സമിതി എന്നീ പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചു. |
| (ബി) | ഈ വർഷത്തെ കാലവർഷക്കെടുതിയിൽ മണലൂർ മണ്ഡലത്തിൽ ഇരുപ്പൂ കൃഷിയ്ക്ക് നാശനഷ്ടം സംഭവിച്ച പാടശേഖരങ്ങളുടെ പേര് വിവരം നൽകാമോ; പ്രസ്തുത പാട ശേഖരങ്ങളിലെ കൃഷി നാശത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കാമോ; | (ബി) | മണലൂർ മണ്ഡലത്തിൽ കാഞ്ഞാണിത്താഴം മാരുതി കോൾപടവ് പാടശേഖര സമിതിയിലാണ് നാശനഷ്ടം ഉണ്ടായത്. 7.8 ഹെക്ടറിലെ നെൽകൃഷിക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി പ്രകാരം കൃഷി ഇറക്കി നഷ്ടം സംഭവിച്ച കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നൽകിയതെന്ന് അറിയിക്കാമോ? | (സി) | നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ